PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session 1969

Thursday, the 27th March, 1969

Vol. XXIV] OFFICIAL REPORT [No 46

The Assembly met in the Assembl Chamber, Trivandrum, at Eight of the Clock on Thursday, the 27th March 1969, with Mr. Speaker in the Chair.

1. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

(i) Oral Answers

പബ്ലിക് സർവ്വീസ് കമ്മീഷൻ

* 889. [1257] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷനിലെ മെമ്പറൻമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനപ്പറ്റി ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിനു ഗവൺമെൻറിനെ പ്രേരിപ്പിച്ച വസ്തുതകൾ എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്) :

(എ) ഈ കാര്യം ഗവൺമെൻറിന്റെ പരിഗണനയിലില്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇപ്പോഴുള്ള രണ്ട് ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ ? നിയമനം നടത്തിക്കഴിഞ്ഞെങ്കിൽ അതിനെ സംബന്ധിച്ച വിവരങ്ങൾ നൽകാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : നിയമനം നടത്തിക്കഴിഞ്ഞിട്ടില്ല. ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : പബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നില്ലെന്നു പറഞ്ഞു. എല്ലാ സംസ്ഥാനങ്ങളിലും പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പന്മാരുടെ അംഗസംഖ്യ ഒരു പോലെയാണോ ? അതോ ഓരോ സംസ്ഥാനങ്ങളിലും പ്രത്യേകം പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

മാണോ ? അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം സംസ്ഥാനഗവൺമെന്റുകൾക്ക് ഉണ്ടോ എന്നുള്ള കാര്യത്തെ സംബന്ധിച്ച് എന്തെങ്കിലും പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഓരോ സ്റ്റേറ്റിലും എത്രവീതം ആണെന്നു ചോദിച്ചാൽ എല്ലാം പറയാൻ സാധിക്കുകയില്ല. ഈ സ്റ്റേറ്റിൽത്തന്നെ പലപ്പോഴും പലതാണ്. മുൻപ് മൂന്ന് ആയിരുന്നു, ഇപ്പോൾ അഞ്ച് ആക്കി. അങ്ങനെ 5 ആക്കിയതു വേറെ ആരുടെയെങ്കിലും അനുവാദം വാങ്ങിയിട്ടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : പൊതുമേഖലാ സ്ഥാപനങ്ങളിലെയും കോപ്പറേഷനുകളിലെയും റിക്രൂട്ടു മൻറ് പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടു കൊടുക്കുന്ന അവസരത്തിൽ കൂടുതൽ മെമ്പർമാരുടെ ആവശ്യം വരികയില്ലേ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : അക്കാര്യം പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടു കൊടുക്കുകയാണോ വേണ്ടതു് അതോ അതിനുതന്നെ വേറെ ഒരു ബോർഡ് ഉണ്ടാക്കുകയാണോ വേണ്ടതു് എന്നുള്ള കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഒഴിവുകളിലേക്കുള്ള നിയമനം എന്നത്തേക്ക് നടക്കും ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : കൃത്യമായ ദിവസം പറയാൻ കഴിയുകയില്ല. അധികം താമസിയാതെ നടക്കും.

ശ്രീ. കെ. എം. ജോർജ് : പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഒഴിവു വന്നാൽ സാധാരണഗതിയിൽ വേഗം നിയമനം നടക്കുകയാണ് പതിവ്. അതായതു് ഒരാഴ്ചയ്ക്കകം. ഇത്രാവശ്യം എന്താണ് ഇത്ര താമസം ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഒരാഴ്ചയ്ക്കകം തന്നെ നടത്തണമെന്നു നിയമമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. എ. മജീദ് : ഇപ്പോഴുള്ള വേക്കൻസിയിൽ നോൺ ഒഫിഷ്യൽ മെമ്പർമാരെയാണോ ഔദ്യോഗിക മണ്ഡലത്തിൽ നിന്നാണോ ആളുകളെ എടുക്കുന്നതു് ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : അനൗദ്യോഗിക മണ്ഡലത്തിൽ നിന്നു് എടുക്കാവുന്നതാണു്.

ശ്രീ. കെ. സി. സക്കറിയാ : പബ്ലിക് സർവ്വീസ് കമ്മീഷനിലേക്കുള്ള നിയമനം കമ്മ്യൂണൽ അടിസ്ഥാനത്തിലാണോ നടക്കുന്നതു് ? ആണെങ്കിൽ എത്രമാത്രം പ്രാതിനിധ്യം ഉണ്ടെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : കമ്മ്യൂണലായിട്ടുള്ള യാതൊരു അടിസ്ഥാനവും നോക്കിയിട്ടല്ല നിയമനങ്ങളെല്ലാം നടത്തുന്നതു്. പക്ഷേ കമ്മ്യൂണിറ്റി യൂണിറ്റിയുള്ള ഈ രാജ്യത്തു് ചില പ്രതിഫലനങ്ങളും പ്രായോഗികതകളും കണ്ടു എന്നു വന്നേക്കാം.

LIBRARY ARCHIVES Kerala Legislative Assembly